**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1427** **19-06-2024 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ ക്ലാസുകളിലാണ് ഈ വർഷം പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കുന്നത്; വിശദമാക്കാമോ; | (എ) | **പ്രീ പ്രൈമറി, ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒൻപത് എന്നീ ക്ലാസ്സുകളിലാണ് 2024-25 അധ്യയനവർഷം പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിട്ടുള്ളത്.** |
| (ബി) | സംസ്ഥാനത്തെ സ്കൂളുകളിൽ അവസാനമായി പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കിയത് ഏതു വർഷമായിരുന്നു; വിശദമാക്കാമോ; | (ബി) | 2013 ലാണ് കേരളത്തിൽ അവസാനമായി പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിട്ടുള്ളത്. കേരളത്തിൽ സമഗ്രമായ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം നടന്നത് 2007ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിലാണ്. 2013ൽ തയ്യാറാക്കിയ വിദ്യാഭ്യാസ നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളിലെ ഉള്ളടക്കത്തിൽ മാറ്റം വരുത്തിയിരുന്നുവെങ്കിലും അടിസ്ഥാന സമീപനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടായിരുന്നില്ല. |
| (സി) | പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത് എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | സ്കൂൾ വിദ്യാഭ്യാസം വലിയ മാറ്റങ്ങളിലൂടെ കടന്നു പോകുന്ന കാലത്ത് അതിനനുസൃതമായ പാഠ്യപദ്ധതി ലക്ഷ്യങ്ങൾ മുന്നോട്ടുവെച്ചുകൊണ്ടാണ് പരിഷ്കരണ നടപടികൾ നടക്കുന്നത്. ജ്ഞാന സമൂഹവും ജ്ഞാനസമ്പദ് വ്യവസ്ഥയും യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്ന ലോകത്തിനു മുന്നിൽ അതിനനുസൃതമായി കേരള മോഡലിനെ ശക്തിപ്പെടുത്തി പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുന്ന പാഠ്യപദ്ധതി പരിഷ്കരണം നവ കേരള സൃഷ്ടിക്ക് സഹായകരമായ രീതിയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ലക്ഷ്യം വയ്ക്കുന്ന കാര്യങ്ങളെ കേരള സ്കൂൾ പാഠ്യ പദ്ധതിചട്ടക്കൂട് ചുവടെ പറയുന്ന വിധത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.<br><br>1. സാമൂഹ്യ നീതിക്ക് വേണ്ടിയുള്ള വിദ്യാഭ്യാസം<br>2. സമഗ്രവും സുസ്ഥിര വികസനോന്മുഖവുമായ വിദ്യാഭ്യാസം<br>3. ജ്ഞാനസമൂഹ സൃഷ്ടി |

| | | | |
|---|---|---|---|
| | | | 4. സമഗ്ര വ്യക്തിത്വ വികാസം<br>5. ദേശീയ ബോധവും ഉത്തരവാദിത്തമുള്ള പൗരബോധവും വളർത്തൽ<br>6. എല്ലാവരേയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം<br>7. ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കൽ, ജനാധിപത്യ ദർശനം നിലനിർത്തുന്നതിന് സഹായകമായ വിദ്യാഭ്യാസം<br>8. ചരിത്രബോധവും സാംസ്കാരിക ബോധവും വളർത്തൽ<br>9. ശാസ്ത്രാവബോധം വളർത്തൽ<br>10. സാങ്കേതിക അവബോധം വളർത്തൽ<br>11. തൊഴിൽ നൈപുണിയും സ്വാശ്രയത്വവും വളർത്തൽ<br>12. പ്രതിസന്ധികളെ തരണം ചെയ്യൽ, അതിജീവനശേഷി കൈവരിക്കുന്നതിന് സഹായിക്കുക<br>13. വിമർശനാത്മക ചിന്ത വളർത്തൽ<br>14. പാരിസ്ഥിതികാവബോധം വളർത്തൽ<br>15. ഇതര ലിംഗത്തിൽപ്പെട്ടവരോട് സൗഹാർദമായി പെരുമാറൽ<br>16. നവ കേരളത്തെ രൂപപ്പെടുത്തൽ |

സെക്ഷൻ ഓഫീസർ